# ജാമക്കാരൻ
# JAMAKKARAN

VOLUME - 1 RNI Reg. No. TNBIL/2016/70171 ISSUE - 4
APRIL - 2017 TAMIL & MALAYALAM

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



കർത്താവിൽ പ്രിയരെ,

കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾ ഓരോരുത്തരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

2017 ജാമക്കാരനിൽ പരസ്യപ്പെടുത്തിയതുപോലെ **കഴിഞ്ഞ മാർച്ച് മാസം 14–ാം** തീയതി **സേലം Youth For Christ (YFC)** ഹാളിൽ വച്ച് രാവിലെ 9 മണിമുതൽ വൈകിട്ട് 5 മണി വരെ നടന്ന ഒരു പകൽ ഉപവാസപ്രാർത്ഥനായോഗം വളരെ അനുഗ്രഹപ്രദമായി നടന്നു. കത്തുകൾ, ഇ–മെയിലുകൾ വഴിയായി ഏകദേശം നാലായിരത്തോളം പ്രാർത്ഥനാ കുറിപ്പുകൾ ഇന്ത്യയിൽ നിന്നും വിദേശങ്ങളിൽ നിന്നും പലരും പ്രാർത്ഥിക്കുവാൻ വേണ്ടി അയച്ചിരുന്നു. ആ പ്രാർത്ഥനാ യോഗത്തിൽ പല സ്ഥലങ്ങളിൽ നിന്നും പല സഭകളിൽ നിന്നും വിശ്വാസികളും അച്ചന്മാരും പല ദൈവദാസന്മാരും പങ്കെടുത്തു. പ്രത്യേകമായി **ക്യാൻസർ** രോഗികൾക്കായി പ്രാർത്ഥന ഉണ്ടായിരുന്നു. മറ്റു രോഗം ബാധിച്ചവർക്കും കുടുംബപ്രശ്നങ്ങൾക്കുവേണ്ടിയും എല്ലാവരും കരഞ്ഞുപ്രാർത്ഥിച്ചു. **“ക്രിസ്തു തന്റെ ഐഹിക ജീവകാലത്തു തന്നെ മരണത്തിൽ നിന്നു രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തിനിമിത്തം ഉത്തരം ലഭിക്കുകയും ചെയ്തു”** (എബ്രാ 5:7). മറ്റുള്ളവർക്ക് ഉണ്ടായ രോഗങ്ങൾ, മറ്റു കുടുംബങ്ങളിൽ ഉണ്ടായ പ്രശ്നങ്ങൾ നമുക്കും ഉണ്ടായാൽ എങ്ങനെ വേദനിക്കുമോ അതുപോലെ മറ്റുള്ളവരുടെ പ്രശ്നങ്ങളെ ഓർത്തു ഭാരത്തോടെ പ്രാർത്ഥിച്ചാൽ മാത്രമേ ആ പ്രാർത്ഥനയ്ക്ക് ഫലമുണ്ടാവുകയുള്ളൂ. യേശുക്രിസ്തുവും പുരുഷാരത്തെ കണ്ടപ്പോൾ, രോഗികളെ കണ്ടപ്പോൾ, മരിച്ചവരുടെ വീടുകൾ സന്ദർശിച്ചപ്പോഴെല്ലാം അവൻ മനസ്സലിഞ്ഞു, കണ്ണുനീരൊഴുക്കിയതായി വേദപുസ്തകത്തിൽ കാണുന്നു. അതുകൊണ്ടാണ് യേശുക്രിസ്തു പോയ സ്ഥലങ്ങളിലും, ശിഷ്യന്മാർ

ജാമക്കാരൻ JAMAKKARAN

പോയ സ്ഥലങ്ങളിലും പല അത്ഭുതങ്ങളും സംഭവിച്ചത്.

## രോഗങ്ങളും പ്രശ്നങ്ങളും വരുവാനുള്ള കാരണമെന്ത്?

ഏതു രോഗത്തിനും, പ്രശ്നങ്ങൾക്കും **മൂലകാരണം പാപമാണ്.** പാപം എന്നു പറഞ്ഞാൽ വ്യഭിചാരം, കൊലപാതകം മാത്രമല്ല, ദൈവവചനത്തിന് **അനുസരണക്കേട്** കാണിക്കുന്നതും പാപമാണ്. ലോകാരംഭത്തിൽ ആദാമിനെയം ഹവ്വയേയും ഏദെൻ തോട്ടത്തിൽ നിന്നും ദൈവം പുറത്താക്കിയതു അനുസരണക്കേട് കാണിച്ചതുകൊണ്ടാണ്. യിസ്രായേൽ ജനങ്ങൾക്ക് നേരിടേണ്ടിവന്ന പല ഉപദ്രവങ്ങൾക്കും കാരണം ദൈവത്തോട് കാണിച്ച അനുസരണക്കേടാണ്. യിസ്രായേൽ ജനങ്ങൾക്ക് നേരെ വന്ന തടസ്സങ്ങളെല്ലാം ദൈവം പരിഹരിച്ചതും, ദൈവത്തിന്റെ വാക്കുകൾ അനുസരിച്ചതുകൊണ്ടാണ് യെരിഹോമതിൽ തകർത്ത് ആ ദേശത്തെ യിസ്രായേൽ ജനം സ്വന്തമാക്കിയതും ദൈവത്തോട് അനുസരണം കാണിച്ചതുകൊണ്ടാണ്. **"അവൻ തന്റെ വചനത്തെ അയച്ച് അവരെ സൗഖ്യമാക്കി" (സങ്കീ 107:20). "എന്റെ (യേശുവിന്റെ) വചനം നിങ്ങളിൽ വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അത് നിങ്ങൾക്കും കിട്ടും." (യോഹ 15:7). "ന്യായപ്രമാണം (ദൈവവചനം) കേൾക്കാതെ ചെവി തിരിച്ചു കളഞ്ഞാൽ അവന്റെ പ്രാർത്ഥന തന്നെയും വെറുപ്പാകുന്നു." (സദൃ 28:9).** ഇങ്ങനെ വേദവചനത്തിന്റെ അടിസ്ഥാനത്തിൽ വചനപ്രകാരം ജീവിക്കാത്തവർക്ക് രോഗങ്ങളും പ്രശ്നങ്ങളും വരും.

## മാനസാന്തരപ്പെട്ടവർക്ക് വരുന്ന രോഗങ്ങളും പ്രശ്നങ്ങളും

മാനസാന്തരപ്പെട്ട് വചനപ്രകാരം ജീവിക്കുന്ന ക്രിസ്തീയ വിശ്വാസികൾക്കും ദൈവവേലക്കാർക്കും രോഗങ്ങളും പ്രശ്നങ്ങളും ഉണ്ടാകുന്നു. അത് ദൈവം അനുവദിക്കുന്ന രോഗങ്ങളും പ്രശ്നങ്ങളും ആകുന്നു. യാക്കോബിന്റെ പുസ്തകത്തിൽ തിന്മയാൽ ദൈവം ആരെയും പരീക്ഷിക്കുന്നില്ല എന്ന് എഴുതിയിരിക്കുന്നതു പോലെ ചില വിശ്വാസികളെ ദൈവം തന്നെ നന്മയ്ക്കായി പരീക്ഷിക്കുന്നു എന്ന് മനസ്സിലാക്കാം. ഉല്പത്തി 22:1–ൽ ദൈവം അബ്രഹാമിനെ പരീക്ഷിച്ചു എന്നെഴുതിയിരിക്കുന്നു. 2 ദിനവൃത്താന്തം 32:31–ൽ യെഹസ്കിയാവിനെ പരീക്ഷിക്കുന്നതിന് ദൈവം കൈവിട്ടു എന്നെഴുതിയിരിക്കുന്നു.

## എന്തുകൊണ്ട് ദൈവം പരീക്ഷിക്കുന്നു?

**നാം ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നുവോ എന്നറിയുവാൻ ദൈവം പരീക്ഷിക്കുന്നു** എന്ന് ആവർത്തനപുസ്തകം 13:3–ൽ എഴുതിയിരിക്കുന്നു. വിലാപങ്ങൾ 3:33–ൽ **"മനസ്സോടെയല്ലല്ലോ അവൻ മനുഷ്യപുത്രന്മാരെ ദുഃഖിപ്പിച്ചു വ്യസനിപ്പിക്കുന്നത്"** എന്നെഴുതിയിരിക്കുന്നു. ഇതിന്റെയെല്ലാം അർത്ഥം ദൈവത്തിന് എന്തോ ഒരു ഉദ്ദേശ്യം അല്ലെങ്കിൽ ഒരു കാരണത്തിന്റെ അടിസ്ഥാനത്തിൽ ദൈവം താൻ സ്നേഹിക്കുന്ന വ്യക്തികളെ പരീക്ഷയിൽ ഉൾപ്പെടുത്തുന്നു.

ഇയ്യോബിനെ പരീക്ഷിക്കുവാൻ ദൈവം പിശാചിന് അനുവാദം കൊടുത്തുതുപോലെ പുതിയനിയമത്തിൽ തന്റെ പ്രധാന ശിഷ്യനായ പത്രോസിനെ പരീക്ഷിക്കുവാൻ യേശുക്രിസ്തു പിശാചിന് അനുവാദം കൊടുത്തു എന്ന് ലൂക്കൊ 22:31–ൽ നാം വായിക്കുന്നു. അങ്ങനെ രക്ഷിക്കപ്പെട്ട വിശ്വാസികൾക്കും ദൈവവേലക്കാർക്കും വരുന്ന രോഗങ്ങളും പ്രശ്നങ്ങളും പാപത്താലല്ല, അത്

ദൈവത്താൽ അനുവദിക്കപ്പെടുന്നതാണ്. അതുകൊണ്ട് ഈ ആത്മീയരഹസ്യം അറിഞ്ഞ യഥാർത്ഥ വിശ്വാസികൾ സൗഖ്യമാകാത്ത രോഗങ്ങൾക്കിടയിലും പ്രശ്നങ്ങൾക്കിടയിലും അവർ പിറുപിറുക്കാതെ, **പ്രശ്നങ്ങൾക്കിടയിലും പ്രയാസങ്ങൾക്കിടയിലും** ദൈവത്തെ സ്തുതിക്കുന്നത് നമുക്ക് കാണാം. അതുകൊണ്ട് വിലാപങ്ങൾ 3:28–ൽ പറയുന്നു, "അവൻ അത് അവന്റെ മേൽ വച്ചിരിക്കകൊണ്ട് അവൻ തനിച്ചു മൗനമായിരുന്ന് ചിന്തിക്കട്ടെ"

മുകളിൽ ഞാൻ എഴുതിയ വിഷയങ്ങളെ വായിച്ച്, കാൻസർ രോഗത്താലും, മറ്റുരോഗങ്ങളാലും ബാധിക്കപ്പെട്ടവരും, കുടുംബപ്രശ്നങ്ങളാൽ ബാധിക്കപ്പെട്ടവരും, തങ്ങളെ തന്നെ ശോധനചെയ്ത് പ്രശ്നത്തിന്റെ കാരണം പാപമോ എന്ന് സ്വയം പരിശോധന ചെയ്ത് തങ്ങളെ തന്നെ ശരിയാക്കി പുതിയ ആത്മീയ തീരുമാനങ്ങളെടുത്ത് പ്രാർത്ഥിച്ചാൽ ക്രിസ്തുവിന്റെ അടിപ്പിണരുകൾ നിങ്ങളെ സൗഖ്യമാക്കും. എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിനു തമ്മിൽ പാപങ്ങളെ ഏറ്റു പറഞ്ഞു ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കോ 5:16).

മാനസാന്തരപ്പെട്ട വിശ്വാസികളുടെ രോഗങ്ങളും പ്രശ്നങ്ങളും മാറാതെ പോയാൽ അത് താങ്ങുവാനും സഹിക്കുവാനും ഉള്ള ബലം ദൈവത്തോട് ചോദിക്കണം. ദൈവകൃപയോട് ആത്മബലം ചോദിക്കുന്നവർക്ക് കൃപയോടെ ആ ബലം ലഭിക്കും. പൗലൊസ് അപ്പോസ്തലന് ആ ദൈവകൃപ ലഭിച്ചതുകൊണ്ടാണ് മരണംവരെ ആ രോഗത്തെ ചുമന്നുകൊണ്ട് ദൈവത്തിന്റെ ദൗത്യത്തെ നിറവേറ്റിയത്. ഇതു വായിക്കുന്ന എല്ലാ ദൈവവിശ്വാസികളും ദൈവവേലക്കാരും തളർന്നു പോകാതെ വിശ്വാസത്തിൽ ഉറച്ചുനിന്ന് രോഗങ്ങൾക്കിടയിലും പ്രശ്നങ്ങൾക്കിടയിലും ദൈവത്തെ സ്തുതിച്ച് സാക്ഷ്യമുള്ള ജീവിതം നയിക്കുവാൻ ദൈവത്തോട് പ്രാർത്ഥിക്കണം. **"എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവ് അവനെ എഴുന്നേല്പിക്കും അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും." (യാക്കോബ് 5:15).**

ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ: പുഷ്പരാജ്**

# പ്രത്യേക ശ്രദ്ധയ്ക്ക്

☐ ഞങ്ങളുമായി ഫോണിൽ ബന്ധപ്പെടാനാകാത്തവർ കത്തുകളിലൂടെ, നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ അയക്കാവുന്നതാണ്.

☐ ഇ–മെയിൽ എഴുതുമ്പോൾ മുഴുവിലാസവും, ഫോൺ നമ്പരും വയ്ക്കാൻ മറക്കരുത്. കത്തിലൂടെ മറുപടി എഴുതാൻ അത്സ സഹായമായിരിക്കും. ആഴ്ചയിൽ രണ്ട് ദിവസം മാത്രം ഭവനത്തിലുള്ളതിനാൽ എന്റെ യാത്രയ്ക്കിടയിൽ മറുപടികൾ എഴുതും. അതിന് മുഴുവിലാസം ആവശ്യമെന്ന് ഒരിക്കൽ കൂടെ ഓർമ്മിപ്പിക്കുന്നു.

# ക്രിസ്തുവിന്റെ മടങ്ങിവരവ്

**ആമുഖം :** പ്രിയരേ, ചില ലക്കങ്ങളിലായി ഇനി നടക്കാനുള്ള സംഭവങ്ങളെ വചനാടിസ്ഥാനത്തിൽ നാം ചിന്തിച്ചുകൊണ്ടിരിക്കുകയാണല്ലോ. നമ്മുടെ വിശ്വാസത്തിനും പ്രത്യാശയ്ക്കും ഒപ്പം ചുമതലകൾ ഭംഗിയായി നിറവേറ്റുവാനുമാണ് ദൈവവചനം നൽകപ്പെട്ടിട്ടുള്ളത്. നാം ആയിരിക്കുന്ന ഈ കാലയളവ് സവിശേഷപ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. കാരണം കൃപായുഗം അവസാനിക്കുവാനും മഹോപദ്രവകാലം തുടങ്ങുവാനും പോകുന്നു. അതിനായി വ്യക്തികളിലും കുടുംബങ്ങളിലും സമൂഹങ്ങളിലും രാഷ്ട്രങ്ങളിലും മതങ്ങളിലും ആത്മീയരംഗത്തും മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഈ മാറ്റങ്ങൾ മനസ്സിലാക്കി ഉണരാനും കർത്തൃവരവിനായി ഒരുങ്ങാനും ദൈവം നമ്മെ സഹായിക്കട്ടെ.

കാലങ്ങളായി വിശ്വാസികൾ കാത്തിരിക്കുന്ന കർത്താവിന്റെ വരവ് ഏതു വിധത്തിലായിരിക്കും എന്ന വിവരം വചനാനുസൃതം ഈ ലക്കത്തിൽ വായിക്കാം:

## കർത്താവ് വരുവാൻ താമസിച്ചുവോ?

ആമേൻ, കർത്താവായ യേശുവേ വരേണമേ: വെളി 22:20. എക്കാലത്തുമുള്ള വിശ്വാസിയുടെ ഹൃദയപൂർവ്വമായ പ്രാർത്ഥനയാണിത്. എന്നാൽ പരിഹാസികൾ ചോദിക്കുകയാണ്: 'അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? 2 പത്രൊസ് 3:3. അവർ യുക്തിപൂർവ്വം പറയുകയാണ്. 'പിതാക്കന്മാർ നിദ്രകൊണ്ടശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെതന്നെ ഇരിക്കുന്നു.' 2 പത്രൊ 3:4. പരിഹാസികളുടെ ആക്ഷേപം ശരിയല്ലെന്നു അപ്പൊസ്തലൻ വ്യക്തമാക്കുന്നുണ്ട്. "കർത്താവിനു ഒരു ദിവസം ആയിരം സംവത്സരംപോലെയും ആയിരം സംവത്സരം ഒരു ദിവസംപോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്. ചിലർ താമസമെന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല." 2 പത്രൊ 3:8,9. പത്രൊസപ്പൊസ്തലൻ പറയുന്ന കണക്കനുസരിച്ചു ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണശേഷം രണ്ടു ദിവസമേ ആയിട്ടുള്ളൂ. തിരുവെഴുത്തുകൾ ഗാഢമായി പഠിക്കുന്നവർക്കു കർത്താവിന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെയെന്നും എന്തെന്നും മനസ്സിലാക്കാൻ സാധിക്കും.

## രണ്ടാം വരവിനെക്കുറിച്ച് ദൈവവചനം

ക്രിസ്തുവിന്റെ ഒന്നാംവരവിനെക്കാൾ കൂടുതൽ സ്പഷ്ടമായി രണ്ടാം വരവിനെക്കുറിച്ചു പ്രവചിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ പുനരാഗമനത്തെക്കുറിച്ചു ആദ്യമായി പ്രവചിച്ചതു ആദാം മുതൽ ഏഴാമനായ ഹാനോക്കാണ്. "ആദാം മുതൽ ഏഴാമനായ ഹാനോക്കും ഇവരെക്കുറിച്ചു: 'ഇതാ കർത്താവ് എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകലനിഷ്ഠൂരങ്ങളും നിമിത്തം ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വരും" എന്നു പ്രവചിച്ചു. യൂദാ 14, 15. ക്രിസ്തുവിന്റെ പുനഃപ്രത്യക്ഷതയെക്കുറിച്ചു എബ്രായലേ

ഖനക്കാരൻ ഇങ്ങനെ എഴുതുന്നു: "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെതന്നെ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു. തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപംകൂടാതെ രണ്ടാമതു പ്രത്യക്ഷനാകും." എബ്രാ.9:27,28. ആദ്യജാതനായ ക്രിസ്തുവിനെ ഭൂതലത്തിലേക്കു പുനഃ [illegible] re-entry) ദൂതന്മാർ അവനെ നമസ്ക്കരിക്കണമെന്നതാണ് ദൈവത്തിന്റെ ഹിതം. "ആദ്യജാതനെ പിന്നെയും ഭൂതലത്തിലേക്കു പ്രവേശിക്കുമ്പോൾ: ദൈവത്തിന്റെ സകലദൂതന്മാരും അവനെ നമസ്ക്കരിക്കേണം എന്നു താൻ അരുളിച്ചെയ്യുന്നു എബ്രാ 1:6. ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ടു വരുവാനുള്ളവൻ വരും താമസിക്കുകയുമില്ല. എബ്രാ 10:37. അല്പകാലത്തിന്റെ വ്യാഖ്യാനം പത്രൊസപ്പൊസ്തലൻ നല്കിയിട്ടുള്ളത് നാം കാണുകയുണ്ടായി. വരുവാനുള്ളവൻ ക്രിസ്തുവാണ്. അവൻ വരും എന്നത് നിർവിവാദമാണ്. നമ്മുടെ കർത്താവ് ഇരിക്കുന്നതും ഇരുന്നവനും വരുന്നവനുമാണ്. വെളി 1:4–8.

## I. പ്രയോഗങ്ങൾ

അനേകരുടെ പാപം ചുമക്കാനും നിത്യരക്ഷ നല്കാനുമായി ഒരിക്കൽ വന്ന ക്രിസ്തു തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷയ്ക്കും ഭൂമിയെ നീതിയോടെ വാഴുന്നതിനും വേണ്ടി പാപംകൂടാതെ രണ്ടാമത് പ്രത്യക്ഷനാകും എന്നു എബ്രായ ലേഖനകർത്താവ് വ്യക്തമാക്കുന്നു എബ്രാ 9:28. രണ്ടമതു പ്രത്യക്ഷനാകും എന്ന പ്രയോഗത്തിൽ നിന്നാണ് രണ്ടാംവരവ് അഥവാ പുനരാഗമനം എന്ന പ്രയോഗം.

ക്രിസ്തുവിന്റെ വരവിനെക്കുറിക്കുന്ന പല പ്രയോഗങ്ങൾ ഗ്രീക്കിലുണ്ട്. അവയിൽ പ്രധാനപ്പെട്ടവ: എർഖൊമായ്, അപൊകലുപ്സിസ്, എപിഫനൈയ, പറൂസിയയ. ഇവ ഏതെങ്കിലും സാങ്കേതികാർത്ഥത്തിലാണുപയോഗിച്ചിരിക്കുന്നതെന്നു പറയുക സാധ്യമല്ല. എർഖൊമായ് എന്ന ഗ്രീക്കു പദത്തിനു വരിക, പോവുക എന്നീ സാധാരണ അർത്ഥങ്ങളേ ഉള്ളൂ. ഈ നിലയിൽ എഴുന്നൂറോളം പ്രാവശ്യം എർഖൊമായ് പ്രയോഗിച്ചിട്ടുണ്ട്. കർത്താവിന്റെ വരവിനെക്കുറിക്കുവാൻ കർത്താവും (യോഹ 14:3) പൗലൊസപ്പൊസ്തലനും (1 കൊരി 11:26), ശുഭ്രവസ്ത്രധാരികളായ പുരുഷന്മാരും (അപ്പൊ 1:11), ഈ പദം പ്രയോഗിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ അപ്രതീക്ഷിതമായ വരവിനും (മത്താ 24:39, 42–44, 48:50, 25:13, ലൂക്കൊ 12:37–40), മഹത്ത്വപ്രത്യക്ഷതയ്ക്കും (മത്താ 24:29,30), ശക്തിയിലും തേജസ്സിലും ദൂതസഞ്ചയസമന്വിതനായി മേഘാരൂഢനായി വരുന്നതിനും (മത്താ 24:20–21, 26:64, മർക്കൊ 13:26, 14:62, ലൂക്കൊ 21:27) ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വരുന്നതിനും (യൂദാ 14) എർഖൊമായ് പ്രയോഗിച്ചിട്ടുണ്ട്.

പാറ (അരികിൽ) + ഐമി (ഞാൻ ആകുന്നു) = പാറൈമി എന്ന ധാതുവിൽ നിന്നു വന്ന നാമപദമാണ് പറൂസിയ. സാന്നിദ്ധ്യം, വരവ്, സമീപിക്കൽ എന്നീ അർത്ഥങ്ങളുണ്ട്. സ്തെഫനാസ്, ഫൊർത്തുനാതൊസ്, അഖായിക്കൊസ് (1 കൊരി 16:17) തീത്തൊസ് (2 കൊരി 7:6–7) പൗലൊസ് (ഫിലി 1:26) എന്നിവരുടെ വരവിനും, അധർമ്മമൂർത്തിയുടെ പ്രത്യക്ഷതയ്ക്കും (2 തെസ്സ 2:9) ദൈവദിവസത്തിന്റെ വരവിനും (2 പത്രൊ 3:11) പറൂസിയ പ്രയോഗിച്ചിട്ടുണ്ട്. മദ്ധ്യാകാശവരവും (1 കൊരി 15:23, 1 തെസ്സ 2:19, 4:15, 5:23, 2 തെസ്സ 2:1, യാക്കോ 5:7–8, 1 യോഹ 2:28) മഹത്ത്വപ്രത്യക്ഷതയും (മത്താ 24:3, 27, 37, 39) (1 തെസ്സ 2:8, 2 പത്രൊ 1:16) പറൂസിയതന്നേ. മദ്ധ്യാകാശ വര

വിനെക്കുറിക്കുന്ന സാങ്കേതികപദമാണ് പറൂസിയ എന്ന ധാരണ തെറ്റാണ്.

അപൊകലുപ്സിസ് (മറനീക്കൽ, വെളിപ്പാട്) എന്ന പദവും കർത്താവിന്റെ വരവിന്റെ രണ്ടു ഘട്ടങ്ങൾക്കും പ്രയോഗിച്ചുകാണുന്നു. മദ്ധ്യാകാശവരവ് (1 കൊരി 1:7, കൊലൊ 3:4, 1 പത്രൊ 1:7–13, 4:13) മഹത്ത്വപ്രത്യക്ഷത (ലൂക്കൊ 17:30, 2 തെസ്സ 1:7) എന്നിവ ഉദാഹരണങ്ങൾ. എപിഫാനൈയ എന്ന പദത്തിന് ഉദിക്കുക, വെളിപ്പെടുക, പ്രത്യക്ഷമാവുക തുടങ്ങിയ അർത്ഥങ്ങളുണ്ട്. ഗ്രീക്കുദേവന്മാരുടെ പ്രത്യക്ഷതകളെക്കുറിക്കുവാൻ ഗ്രീക്കുസാഹിത്യത്തിൽ ഈ പദം പ്രചുരമായി പ്രയോഗിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ ഒന്നാംവരവിനെക്കുറിക്കുവാൻ ഈ പദം പ്രയോഗിച്ചിട്ടുണ്ട്. (2 തിമൊ 1:10). പുതിയനിയമത്തിൽ എപിഫാനൈയ പ്രയോഗിച്ചിട്ടുള്ള പത്തു സ്ഥാനങ്ങളിൽ (ക്രിയാരൂപവും നാമരൂപവും) ആറും രണ്ടാം വരവിനെക്കുറിക്കുന്നു. 2 തെസ്സ 2:8–ൽ പറൂസിയയും എപിഫാനൈയയും ഒരുമിച്ചു പ്രയോഗിച്ചിരിക്കുന്നു. “തന്റെ പ്രത്യക്ഷതയുടെ (പറൂസിയ) പ്രഭാവത്തിൽ (എപിഫാനൈയ) നശിപ്പിക്കും.”

## II. പുനരാഗമനവാഞ്ഛ നൂറ്റാണ്ടുകളിലൂടെ

സഭയെ എല്ലാക്കാലത്തും നിലനിറുത്തുന്നതു ക്രിസ്തുവിന്റെ പുനരാഗമനത്തെക്കുറിച്ചുള്ള വാഗ്ദത്തവും അതിൽ സഭയ്ക്കുള്ള അടിയുറച്ച വിശ്വാസവുമാണ്. സഹസ്രാബ്ദത്തിനു മുമ്പു ക്രിസ്തു വരുമെന്ന വിശ്വാസം ആദിമുതലുണ്ടായിരുന്നു.

ആദിമസഭയുടെ പുനരാഗമനവാഞ്ഛയെക്കുറിച്ചു അലക്സാണ്ടർ മക്ലാറൻ എഴുതുന്നു: ആദിമസഭ മരണത്തെയോ സ്വർഗ്ഗത്തെയോ കുറിച്ചു ചിന്തിച്ചതിലധികം യേശുക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ചു ചിന്തിച്ചിരുന്നു. ശവക്കുഴി എന്ന പേരിൽ ഭൂമിയിൽ ഒരു വിടവിനെയല്ല, തേജസ്സെന്ന പേരിൽ ആകാശത്തിൽ ഒരു പിളർപ്പിനെയാണ് അവർ കാത്തിരുന്നത്. കുഴിക്കെടുക്കുന്നവനെ അല്ല അവർ കാത്തിരുന്നത് മുകളിലേക്കു എടുക്കുന്നവനെ അത്രേ. സഭയുടെ എല്ലാ സാർവ്വത്രിക വിശ്വാസപ്രമാണങ്ങളിലും ക്രിസ്തുവിന്റെ പുനരാഗമനത്തിനു ഉച്ചസ്ഥാനം നൽകിയിട്ടുണ്ട്. അപ്പൊസ്തലവിശ്വാസപ്രമാണം ഉരുവിടുകയാണ്. “അവിടെനിന്നു ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിക്കുന്നതിനു തേജസ്സോടെ അവൻ വീണ്ടും വരും.

”മതനവീകരണ നായകന്മാർ ക്രിസ്തുവിന്റെ പുനരാഗമനചിന്തയാൽ പ്രചോദിതരായിരുന്നു. “യേശുക്രിസ്തു ഇന്നലെ മരിച്ചു ഇന്നു ഉയിർത്തു നാളെ വീണ്ടും വരുന്നു എന്നതുപോലെയാണ് ഞാൻ ജീവിക്കുന്നതു” എന്നായിരുന്നു മാർട്ടിൻ ലൂഥർ പറഞ്ഞത്. ഓക്സ്ഫോർഡിൽ അഗ്നിക്കിരയായിക്കൊണ്ടിരുന്നപ്പോൾ ബിഷപ്പ് റിഡ്ലി വിളിച്ചു പറഞ്ഞു: “ദൈവത്തിന്റെ ദാസനായ യോഹന്നാനോടൊപ്പം നമുക്കും നിലവിളിക്കാം. “കർത്താവായ യേശുവേ, വരേണമേ.” രണ്ടാം വരവു ഏതു ദിവസവും സാധ്യമാണ്, ഒരു ദിവസവും അസാധ്യമല്ല.

വിക്റ്റോറിയാ മഹാറാണി ക്രിസ്തുവിന്റെ പുനരാഗമനത്തിൽ അതിയായി വിശ്വസിച്ചിരുന്നു. അവരുടെ ചാപ്ലയിൽ ആയിരുന്നു ഡീൻഫോറാർ ക്രിസ്തുവിന്റെ പുനരാഗമനത്തെക്കുറിച്ചു താൻ കേട്ട പ്രസംഗം അവർ ഡീനിനോടു പറഞ്ഞശേഷം ഇങ്ങനെ കൂട്ടിച്ചേർത്തു : “എന്റെ ജീവിതകാലത്തു കർത്താവ് വന്നിരുന്നു എങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചുപോകുന്നു.” ഡീൻ അവരോടു ചോദിച്ചു: “എന്തുകൊണ്ടാണ് തമ്പുരാട്ടിക്കു ഈ ആത്മാർത്ഥമായ അഭിലാഷം തോന്നു

ന്നത്? വികാരവതിയായി രാജ്ഞി പറഞ്ഞു: "എന്തുകൊണ്ടെന്നാൽ അവിടുത്തെ പാദത്തിൽ എന്റെ കിരീടം അർപ്പിക്കുന്നതിനു ഞാൻ അത്ര ഇഷ്ടപ്പെടുന്നു.

1953–ൽ എലിസബത്ത് രാജ്ഞി II- ന്റെ കിരീടധാരണത്തിൽ കാന്റർബറിയിലെ ആർച്ചുബിഷപ്പായ ജോഫ്രി ഫിഷർ കിരീടം നല്കിയതു ഈ വാക്കുകൾ പറഞ്ഞാണ്. "മഹാറാണീ, ഈ കിരീടം ധരിക്കുവാൻ അവകാശമുള്ളവർ മടങ്ങിവരുന്നതുവരെ ധരിക്കുവാൻ ഞാൻ ഈ കിരീടം താങ്കൾക്കു നല്കുന്നു."

## III ക്രിസ്തുവിന്റെ പുനരാഗമനത്തിന്റെ പ്രാധാന്യം

**1. തിരുവെഴുത്തുകളിലെ പ്രധാനവിഷയം:** തിരുവെഴുത്തുകൾ ക്രിസ്തുവിന്റെ പുനരാഗമനത്തിനു പ്രധാനസ്ഥാനം നൽകുന്നു. വീണ്ടും വരുന്ന ക്രിസ്തുവും ക്രിസ്തുവിന്റെ വീണ്ടും വരവും പ്രവചനങ്ങളിലെ കേന്ദ്രവിഷയമാണ്. പലപ്പോഴും ഒന്നും രണ്ടും വരവുകളെ ചേർത്തു പറഞ്ഞിരിക്കുകകൊണ്ടു എടുത്തുകാണിക്കുക പ്രയാസമാണ്. ഇയ്യോ 19:25, ദാനി 7:13, സെഖ 14:4, മലാ 3:1 എന്നിങ്ങനെ ചില ഭാഗങ്ങൾ കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ചു 1845 പ്രാവശ്യം തിരുവെഴുത്തുകളിൽ പറയപ്പെട്ടിട്ടുണ്ടെന്നാണു കണക്കാക്കിയിട്ടുള്ളത്. അവയിൽ 318 എണ്ണം പുതിയനിയമത്തിലാണ്. പഴയനിയമത്തിൽ 17 പുസ്തകങ്ങളിലെ പ്രമുഖ വിഷയം ക്രിസ്തുവിന്റെ പുനരാഗമനമത്രേ.

പുതിയനിയമത്തിലെ ഓരോ പത്തദ്ധ്യായങ്ങളിൽ ഏഴും ഈ വിഷയത്തെ പരാമർശിക്കുന്നു. ചില അദ്ധ്യായങ്ങളും (മത്താ 24:25, മർക്കൊ 13, ലൂക്കൊ 21, 1 കൊരി 15) ചില പുസ്തകങ്ങളും (1 തെസ്സ, 2 തെസ്സ, വെളിപ്പാട്) പൂർണ്ണമായിത്തന്നെ പുനരാഗമനവിവരങ്ങളാണ്. വെളിപ്പാടുപുസ്തകത്തിൽ ഏഴുപ്രാവശ്യം ക്രിസ്തുവിന്റെ വരവ് (വെളി 1:7, 2:25, 3:3–11, 22:7, 12–20) പരാമർശിച്ചിട്ടുണ്ട്. ഏഴ് പൂർണ്ണതയുടെ സംഖ്യയാണല്ലോ.

"ഇതാ, അവൻ മേഘാരൂഢനായി വരുന്നു" എന്ന പ്രഖ്യാപനത്തോടെ വെളിപ്പാടു പുസ്തകം (1:7) ആരംഭിക്കുകയും "ആമേൻ, കർത്താവായ യേശുവേ, വരേണമേ" എന്ന അപേക്ഷയോടെ (വെളി 22:20) അവസാനിക്കുകയും ചെയ്യുന്നു. ഇതിനിടയ്ക്കു സഭാനാഥൻ സഭയ്ക്കു വാഗ്ദത്തം നൽകുകയാണ്. "അതേ ഞാൻ വേഗം വരുന്നു."

**2. ക്രിസ്തുവിന്റെ പുനരാഗമനം തിരുവെഴുത്തുകളുടെ താക്കോലാണ്:** തിരുവെഴുത്തുകളുടെ താക്കോലാണ് കർത്താവിന്റെ വീണ്ടുംവരവ്. കർത്താവിന്റെ പുനരാഗമനോപദേശത്തിന്റെ വെളിച്ചത്തിൽ മാത്രമാണ് മറ്റടിസ്ഥാനോപദേശങ്ങളും, അനുഷ്ഠാനങ്ങളും, പ്രതിരൂപങ്ങളും, വാഗ്ദത്തങ്ങളും അർത്ഥപൂർണ്ണമാവുന്നത്. ക്രിസ്തുവിന്റെ രാജത്വം, പുനരാഗമനത്തിൽ വിശ്വസിച്ചില്ലെങ്കിൽ അർത്ഥശൂന്യമാണ്. ഭാവികാല രക്ഷ അഥവാ തേജസ്ക്കരണം കർത്താവിന്റെ പുനരാഗമനത്തിൽ അധിഷ്ഠിതമാണ്. ക്രിസ്തുവിന്റെ പുനരാഗമനത്തെ അംഗീകരിച്ചില്ലെങ്കിൽ പ്രവചനങ്ങൾ അസത്യ ജല്പനങ്ങൾ മാത്രമാവും. കാരണം, യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവത്രേ. വെളി 19:10. പ്രവാചകന്മാരിലുള്ള ക്രിസ്തുവിന്റെ ആത്മാവ് മുൻകൂട്ടി സാക്ഷീകരിച്ച ക്രിസ്തുവിനു പിൻവരുന്ന മഹിമയെ പുനരാഗമനവെളിച്ചത്തിലല്ലാതെ നമുക്കെങ്ങനെയാണു മനസ്സിലാവുക. 1 പത്രൊ 1:11. പാപപരിഹാരദിനത്തിൽ മഹാപുരോഹിതൻ അനുഗ്രഹിക്കുന്നതു കർത്താ

വിന്റെ പുനരാഗമനത്തിനു നിഴലല്ലെങ്കിൽ (എബ്രാ 9:28) ഒരാചരണമെന്ന നിലയ്ക്കല്ലാതെ അതിനെന്തർത്ഥമാണുള്ളത്? ക്രിസ്തു വീണ്ടും വരുവോളം ചെയ്യാൻ സഭയെ ഏല്പിച്ച കർത്തൃമേശ പുനരാഗമനനിഷേധികൾ ആചരിക്കുന്നതിലർത്ഥമുണ്ടോ? ചുരുക്കത്തിൽ തിരുവെഴുത്തുകളെ തുറന്നു കാട്ടുന്ന താക്കോലാണ് ക്രിസ്തുവിന്റെ വീണ്ടും വരവ്.

**3. ക്രിസ്തുവിന്റെ പുനരാഗമനം സഭയുടെ പ്രത്യാശയാണ്:** സഭയുടെ മുമ്പിലുള്ള ഏറ്റവും വലിയ പ്രത്യാശയാണ് ക്രിസ്തുവിന്റെ പുനരാഗമനം. ഈ പ്രത്യാശ നല്കിയിരിക്കുന്നത് ദൈവമാണ്. "എന്നാൽ പ്രത്യാശ നല്കുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകലസന്തോഷവും സമാധാനവും കൊണ്ടു നിങ്ങളെ നിറെക്കുമാറാകട്ടെ." റോമ 15:13.

പ്രത്യാശയുടെ മൂർത്തഭാവമാണ് ക്രിസ്തു. നമ്മുടെ പ്രത്യാശയായ ക്രിസ്തുയേശുവിന്റെയും (1 തിമൊ 1:1) എന്നാണപ്പൊസ്തലൻ എഴുതുന്നത്.

ക്രിസ്തു മഹത്വത്തിന്റെ പ്രത്യാശയാണ്. "ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നേ." കൊലൊ 1:27. ഈ പ്രത്യാശ:

### a. ഭാഗ്യകരമായ പ്രത്യാശയാണ്

"നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യാശയ്ക്കായിട്ടും കാത്തുകൊണ്ട്" തീത്തൊ 2:12. ഈ പ്രത്യാശയുടെ അവസാനം അമർത്ത്യതയും അദ്രവത്വവുമാണ്. 1 കൊരി 15:52–54.

### b. ജീവനുള്ള പ്രത്യാശയാണ്

"യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശയ്ക്കായി" 1 പത്രൊ 1:3. നിത്യജീവന്റെ പ്രത്യാശയാണ്. "ദൈവം സകലകാലത്തിനും മുമ്പേ വാഗ്ദത്തം ചെയ്ത നിത്യജീവന്റെ പ്രത്യാശ" തീത്തൊ 1:12.

### c. നിർമ്മലീകരിക്കുന്ന പ്രത്യാശയാണ്

"പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കളാകുന്നു. നാം ഇന്നതു ആകുമെന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താനിരിക്കുമ്പോലെ തന്നെ കാണുന്നതാകകൊണ്ടു അവനോടു സദൃശ്യന്മാർ ആകും എന്നു നാം അറിയുന്നു. അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു." 1 യോഹ 3:2–3.

ഒരു വിശ്വാസിയുടെ ലക്ഷ്യം ക്രിസ്തു തന്റെ ശരീരത്തിൽ മഹിമപ്പെടണം എന്നതായിരിക്കണം. "അങ്ങനെ ഞാൻ ഒന്നിലും ലജ്ജിച്ചുപോകാതെ പൂർണ്ണധൈര്യം പൂണ്ടു ക്രിസ്തു എന്റെ ശരീരത്തിങ്കൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകയേയുള്ളൂ എന്നു പ്രതീക്ഷിക്കയും പ്രത്യാശിക്കയും ചെയ്യുന്നു." ഫിലി 1:20.

**d. വിജയകരമായ പ്രത്യാശയാണ്**

പാപത്തിന്റെ സാന്നിധ്യത്തിൽ നിന്നുള്ള വിടുതലാണ് രക്ഷയുടെ ഭാവികാലാവസ്ഥ. ക്രിസ്തുവിന്റെ പുനരാഗമനത്തിൽ പാപത്തിന്റെ എല്ലാ സ്വാധീനത്തിൽ നിന്നും അടിമത്തത്തിൽ നിന്നും നാം അന്തിമവിജയം നേടും. നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സുമായി തുലനപ്പെടുത്തിയാൽ ഈ കാലത്തിലെ കഷ്ടങ്ങൾ ഏതുമില്ല. റോമ 8:18.

ക്രിസ്തു മേഘത്തിൽ വരുമ്പോൾ ജീവനോടിരിക്കുന്നവർ മരണത്തിനു വിധേയരാവാതെരൂപാന്തരം പ്രാപിച്ചു ക്രിസ്തുവിനോടു ചേരും. അവർ മരണത്തെ വെല്ലുവിളിക്കും. 'ഹേ മരണമേ, നിന്റെ ജയം എവിടെ?' ഈ ജയം ലഭിക്കുന്നതു ക്രിസ്തു മുഖാന്തരമാണ്. "ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ഈ മർത്യമായതു അമർത്യത്തെയും ധരിക്കുമ്പോൾ "മരണം നീങ്ങി ജയം വന്നിരിക്കുന്നു" എന്നു എഴുതിയ വചനം നിവൃത്തിയാകും. ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ, നിന്റെ വിഷമുള്ള് എവിടെ? മരണത്തിന്റെ വിഷമുള്ളു പാപം. പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിനു സ്തോത്രം." 1 കൊരി 15:54–57.

**4. സൃഷ്ടിയുടെ ആശയാണ്:** "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു. സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായയ്ക്കു കീഴ്പ്പെട്ടിരിക്കുന്നു. മനഃപൂർവ്വമായിട്ടില്ല. അതിനെ കീഴ്പ്പെടുത്തിയവന്റെ കല്പന നിമിത്തമത്രേ. സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ." റോമ 8:18–22. ക്രിസ്തുവിന്റെ പുനരാഗമനത്തിൽ മാത്രമേ സൃഷ്ടി ശാപത്തിൽ നിന്ന് മുക്തമാകുകയുള്ളൂ.

**5. ദുഃഖിക്കുന്ന വിശുദ്ധന്മാർക്കു ആശ്വാസമാണ്:** "സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കാതിരിക്കേണ്ടതിനു നിദ്രകൊള്ളുന്നവരെക്കുറിച്ചു അറിവില്ലാതിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു. യേശു മരിക്കയും ജീവിച്ച് എഴുന്നേല്ക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നെ ദൈവം നിദ്രകൊണ്ടവരെയും യേശു മുഖാന്തരം അവനോടുകൂടെ വരുത്തും. കർത്താവിന്റെ പ്രത്യക്ഷതവരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവർക്കു മുമ്പാകയില്ല എന്നു ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോട് പറയുന്നു.

കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒന്നിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ. 1 തെസ്സ 4:13–18.

മരിച്ചവരെ ഓർത്തു ദുഃഖിക്കുന്നവരെ ഏറ്റവും ആശ്വസിപ്പിക്കുന്ന ഉപദേശമാണ് ക്രിസ്തുവിന്റെ പുനരാഗമനം. മൂന്നു പുനസംയോഗങ്ങളാണ് അപ്പോൾ നടക്കുന്നത്.

1. ദേഹം ദേഹിയോടും ആത്മാവിനോടും വീണ്ടും ചേരും.

2. ജീവനോടിരിക്കുന്ന വിശ്വാസികൾ മരിച്ചശേഷം പുനരുത്ഥാനം പ്രാപിച്ചവരോട് ചേരും.

3. എല്ലാ വിശ്വാസികളും ദൃശ്യമായി കർത്താവിനോടു ചേരും.

**6. വിശുദ്ധജീവിതത്തിനു പ്രേരകമാണ്:** ക്രിസ്തുവിന്റെ പുനരാഗമനം പത്ഥ്യോപദേശത്തിന്റെ അടിസ്ഥാനഘടകമാണ്. അതിൽ വിശ്വസിക്കുന്ന വ്യക്തി ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുകയോ, തിരുവെഴുത്തുകളുടെ അധികാരത്തെ നിരസിക്കുകയോ ചെയ്യാതെ വിശുദ്ധന്മാർക്കു ഒരിക്കലായിട്ട് ഭരമേല്പ്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടുകയും വിശുദ്ധജീവിതം നയിക്കുകയും ചെയ്യും. ദൈവദിവസത്തിന്റെ വരവ് കാത്തിരുന്നും ബദ്ധപ്പെടുത്തിയുംകൊണ്ടു നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം എന്നാണു പത്രൊസപ്പൊസ്തലൻ ചോദിക്കുന്നത്. 2 പത്രൊ 3:11–12. ദൈവത്തിന്റെ ഇഷ്ടം നമ്മുടെ വിശുദ്ധീകരണമാണ്. 1 തെസ്സ 4:3. ദൈവം തന്നെയാണ് നമ്മെ പൂർണ്ണമായി ശുദ്ധീകരിച്ചു കർത്താവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കുന്നത്. “സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ.” 1 തെസ്സ 5:23.

**വിശുദ്ധജീവിതത്തിന്റെ പ്രത്യേകതകൾ**

**a. ഉണർന്നിരിക്കുന്നതാണ് :** “നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ടു ഉണർന്നിരിപ്പിൻ. കള്ളൻ വരുന്ന യാമം ഇന്നതെന്ന് വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവൻ ഉണർന്നിരിക്കുകയും തന്റെ വീടു തുരക്കാൻ സമ്മതിക്കാതിരിക്കുകയും ചെയ്യും എന്നു അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ.” മത്തായി 24:42–44, 25:13, മർ 13:32–37, ലൂക്കൊ 13:35–38, വെളി 16:15.

**b. സുബോധമുള്ളവരും നിർമ്മദരും ആയിരിക്കുന്നതാണ് :** “ആകയാൽ നിങ്ങളുടെ മനസ്സ് ഉറപ്പിച്ച് നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണപ്രത്യാശ വച്ചുകൊൾവിൻ.” 1 പത്രൊ 1:13. “എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു. ആകയാൽ പ്രാർത്ഥനക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ.” 1 പത്രൊ 4:7, 1 തെസ്സ 5:2–6, 1 പത്രൊ 5:8.

**c. സഹിഷ്ണതയുള്ളതാണ് :** “ദൈവേഷ്ടം ചെയ്ത് വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്കു ആവശ്യം. ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ടു വരുവാനുള്ളവൻ വരും. താമസിക്കുകയുമില്ല.” എബ്രാ 10:36–37. “എന്നാൽ സഹോദരന്മാരേ, കർത്താവിന്റെ പ്രത്യക്ഷതവരെ ദീർഘക്ഷമയോടിരിപ്പിൻ; കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിനു കാത്തുകൊണ്ടു മുന്മഴയും പിന്മഴയും അതിന്നു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നുവല്ലോ. നിങ്ങളും ദീർഘക്ഷമയോടി

രിപ്പിൻ. നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ; കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു." യാക്കോ 5:7–8.

**d. ജഡമോഹങ്ങളെ മരിപ്പിക്കുന്നതാണ് :** "നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും. ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ." കൊലൊ 3:4–5.

**e. പരീക്ഷയും പീഡയും സഹിക്കുന്നതാണ് :** "അതിൽ നിങ്ങൾ ഇപ്പോൾ അല്പനേരത്തേക്കു നാനാപരീക്ഷകളാൽ ദുഃഖിച്ചിരിക്കേണ്ടിവന്നാലും ആനന്ദിക്കുന്നു. അഴിഞ്ഞുപോകുന്നതും തീയിൽ ശോധനകഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയതെന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചക്കും തേജസ്സിനും മാനത്തിനുമായി കാണ്മാൻ ഇങ്ങനെ ഇടവരും." 1 പത്രൊ 1:6–7. "ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും." 1 പത്രൊ 4:13.

**f. ക്രിസ്തുവിൽ വസിക്കുന്നതാണ്** : ഇനിയും കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിനു അവനിൽ വസിപ്പിൻ. 1 യോഹ 2:28.

**g. സഹോദരസ്നേഹത്തിൽ വർദ്ധിച്ചു വരുന്നതാണ് :** "എന്നാൽ ഞങ്ങൾക്കു നിങ്ങളോടുള്ള സ്നേഹം വർദ്ധിക്കുന്നതുപോലെ കർത്താവ് നിങ്ങൾക്കു തമ്മിലും എല്ലാവരോടുമുള്ള സ്നേഹം വർദ്ധിച്ചു കവിയുമാറാക്കുകയും ഇങ്ങനെ നമ്മുടെ കർത്താവായ യേശു തന്റെ സകല വിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടുംവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ." 1 തെസ്സ 3:12–13. ഫിലി 1:9–10.

**7. ക്രിസ്തീയ ശുശ്രൂഷയ്ക്കു ഉത്തേജകമാണ്**

വിശ്വസ്തരായി കർത്താവിനെ സേവിക്കുവാൻ വിശ്വാസിയെ ഒരുക്കുന്നതാണ് ക്രിസ്തുവിന്റെ പുനരാഗമനം. "നമ്മുടെ കർത്താവായ യേശുവിന്റെ മുമ്പാകെ അവന്റെ പ്രത്യക്ഷതയിൽ ഞങ്ങളുടെ ആശയോ സന്തോഷമോ പ്രശംസാകിരീടമോ ആർ ആകുന്നു? നിങ്ങളും അല്ലയോ? ഞങ്ങളുടെ മഹത്ത്വവും സന്തോഷവും നിങ്ങൾ തന്നെ." 1 തെസ്സ 2:19–20.

## കർത്താവിന്റെ ശുശ്രൂഷകന്മാർ അവന്റെ പുനരാഗമനത്തിന്റെ വെളിച്ചത്തിൽ:

**a. ക്രിസ്തുവിന്റെ നാമത്തെക്കുറിച്ചു ലജ്ജിക്കാതിരിക്കുന്നു :** "വ്യഭിചാരവും പാപവും ഉള്ള ഈ തലമുറയിൽ ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും നാണിച്ചാൽ അവനെക്കുറിച്ചു മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധദൂതന്മാരുമായി വരുമ്പോൾ നാണിക്കും." മർക്കൊ 8:38.

**b. ശുശ്രൂഷയിൽ വിശ്വസ്തരായിരിക്കുന്നു :** "ഞാൻ ദൈവത്തെയും, ജീവികൾക്കും മരിച്ചവർക്കും ന്യായവിസ്താരം നടത്തുവാനുള്ള ക്രിസ്തുയേശുവിനെയും സാക്ഷിവെച്ചു അവന്റെ പ്രത്യക്ഷതയും രാജ്യവും ചൊല്ലി സത്യം ചെയ്തു കല്പിക്കുന്നത്. വചനം പ്രസംഗിക്ക, സമയത്തിലും അസമയത്തിലും ഒരുങ്ങിനില്ക്ക. സകലദീർഘക്ഷമയോടും ഉപദേശത്തോടുംകൂടെ ശാസിക്കു. തർജ്ജനം ചെയ്ക. പ്രബോധിപ്പിക്ക." 2 തിമൊ 4:1–2.

**c. മാതൃകകളായി ഇടയശുശ്രൂഷ നിവർത്തിക്കുന്നു:** "നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബന്ധത്താലല്ല, ദൈവത്തിനു ഹിതമാം വണ്ണം മനഃപൂർവ്വമായും ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും ഇടവകകളുടെമേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല. ആട്ടിൻകൂട്ടത്തിനു മാതൃകകളായിത്തീർന്നുകൊണ്ടും അദ്ധ്യക്ഷത ചെയ്വിൻ. എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷമാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും." 1 പത്രൊ 5:2–4.

## IV പുനരാഗമനത്തെക്കുറിച്ചുള്ള സാക്ഷ്യങ്ങൾ

**1. പ്രവാചകന്മാരുടെ സാക്ഷ്യം :** പഴയനിയമപ്രവചനങ്ങളിലെ പ്രധാന വിഷയം മശീഹയുടെ പുനരാഗമനവും രാജ്യസ്ഥാപനവുമാണ്. ഒലിവുമലയിൽ നിന്നാണ് ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തത്. ആ ഒലിവുമലയിൽ തന്നെ ക്രിസ്തു വരുമെന്നും അപ്പോൾ ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകുമെന്നും സെഖര്യാവു പ്രവചിച്ചു. "എന്നാൽ യഹോവ പുറപ്പെട്ടു. താൻ യുദ്ധദിവസത്തിൽ പൊരുതിയതുപോലെ ആ ജാതികളോടു പൊരുതും. അന്നാളിൽ അവന്റെ കാൽ യെരുശലേമിന്നെതിരെ കിഴക്കുള്ള ഒലിവുമലയിൽ നില്ക്കും; ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകും; ഏറ്റവും വലിയൊരു താഴ്വര ഉളവായ്വരും. മലയുടെ പാതി വടക്കോട്ടും മറ്റെ പാതി തെക്കോട്ടും വാങ്ങിപ്പോകും. എന്നാൽ മലകളുടെ താഴ്വര ആസൽവരെ എത്തുന്നതു കൊണ്ടു നിങ്ങൾ എന്റെ മലകളുടെ താഴ്വരയിലേക്കു ഓടിപ്പോകും. യെഹൂദാരാജാവായ ഉസ്സിയാവിന്റെ കാലത്തു നിങ്ങൾ ഭൂകമ്പം ഹേതുവായി ഓടിപ്പോയതുപോലെ നിങ്ങൾ ഓടിപ്പോകും. എന്റെ ദൈവമായ യഹോവയും തന്നോടുകൂടെ സകലവിശുദ്ധന്മാരും വരും." സെഖ 14:3–5, യെഹ 21:26–27, യെശ 11:1–9, യൂദാ 14.

**2. യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം :** "മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ വാക്കാവിത്. കർത്താവിന്റെ വഴി ഒരുക്കുവിൻ; അവന്റെ പാത നിരപ്പാക്കുവിൻ. എല്ലാ താഴ്വരയും നികന്നുവരും. എല്ലാ മലയും കുന്നും താഴും. വളഞ്ഞതു ചൊവ്വായും ദുർഘടമായതു നിരന്നവഴിയായും തീരും. സകലജഡവും ദൈവത്തിന്റെ രക്ഷയെ കാണും." എന്നിങ്ങനെ യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതു പോലെതന്നെ." ലൂക്കൊ 3:4–6. ക്രിസ്തുവിന്റെ ഒന്നാം വരവിനെയല്ല, പ്രസ്തുത രണ്ടാം വരവിനെയാണ് യോഹന്നാൻ സ്നാപകൻ വിളിച്ചുപറഞ്ഞത്.

**3. ക്രിസ്തുവിന്റെ സാക്ഷ്യം :** "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും." യോഹ 14:2–3. പ്രവചനത്തിന്റെ അന്ത്യവാക്കായ വെളിപ്പാടുപുസ്തകത്തിൽ ക്രിസ്തു ഉറപ്പുന

ല്കി. "ഇതാ ഞാൻ വേഗത്തിൽ വരുന്നു" വെളി 22:7. മറുരൂപമലയിൽ വെച്ചും ഉപമകളിലും പ്രവചനങ്ങളിലും ദുഃഖിതരായ ശിഷ്യന്മാർക്കു നല്കിയ ആശ്വാസവാഗ്ദത്തത്തിലും ക്രിസ്തു സ്പഷ്ടമാക്കിയത് തന്റെ പുനരാഗമനമാണ്.

**4. ശുഭ്രവസ്ത്രധാരികളായ പുരുഷന്മാരുടെ സാക്ഷ്യം :** കർത്താവായ യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണസമയത്ത് ശിഷ്യന്മാർ ആകാശത്തേയ്ക്കു ശ്രദ്ധിച്ചുനോക്കുകയായിരുന്നു. ആ സമയം വെള്ളവസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ ശിഷ്യന്മാരും അടുക്കൽ നിന്നു യേശു സ്വർഗ്ഗാരോഹണം ചെയ്തതുപോലെ മടങ്ങിവരുമെന്നു അറിയിച്ചു. "അവൻ പോകുന്നേരം അവർ ആകാശത്തിലേക്കു ഉറ്റുനോക്കുമ്പോൾ വെള്ളവസ്ത്രം ധരിച്ച രണ്ടുപുരുഷന്മാർ അവരുടെ അടുക്കൽ നിന്നു: ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നില്ക്കുന്നതു എന്ത്? നിങ്ങളെവിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും എന്നു പറഞ്ഞു." അപ്പൊ 1:10–11.

**5. ദൂതന്മാരുടെ സാക്ഷ്യം :** കർത്താവിന്റെ പുനരാഗമനത്തെയും അനുബന്ധസംഭവങ്ങളെയും വെളിപ്പെടുത്തുന്ന വെളിപ്പാടുപുസ്തകം മുഴുവൻ ദൂതസാക്ഷ്യമാണ്. വെളി 1:1–2.

**6. അപ്പൊസ്തലന്മാരുടെ സാക്ഷ്യം :** (മത്തായി 24:37,42,44), മർക്കൊസ് 13:26, ലൂക്കൊസ് 21:27, 1 യോഹന്നാൻ 3:1–3, യാക്കോബ് 5:7, പത്രൊസ് 1:7–13, പൗലൊസ് (1 തെസ്സ 4:13–16).

**7. സഭയുടെ സാക്ഷ്യം :** ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ള ഒടുവിലത്തെ പ്രാർത്ഥന സഭയുടേതാണ്. ഈ പ്രാർത്ഥന സഭയുടെ സാക്ഷ്യം കൂടിയാണ്. സഭ കർത്താവിനോടപേക്ഷിക്കുകയാണ് "ആമേൻ കർത്താവായ യേശുവേ, വരേണമേ." വെളി 22:20.

**8. കർത്തൃമേശയുടെ സാക്ഷ്യം :** ആഴ്ചയുടെ ഒന്നാംനാൾ വിശ്വാസികൾ കർത്തൃമേശ ആചരിക്കുന്നു. കർത്തൃമേശ പിന്നിലോട്ടു ക്രിസ്തുവിന്റെ ക്രൂശികരണവും, മുന്നിലോട്ടു ക്രിസ്തുവിന്റെ പുനരാഗമനവും ചൂണ്ടിക്കാണിക്കുന്നു. ക്രിസ്തുവിന്റെ പുനരാഗമനത്തിന്റെ മൂകസാക്ഷിയാണ് കർത്തൃമേശ. കർത്താവ് വരുന്നതുവരെ ആചരിക്കുവാൻ കല്പിക്കപ്പെട്ടിട്ടുള്ള കർത്തൃമേശ മൂകമെങ്കിലും വാചാലമാണ്. കർത്തൃമേശയിൽ പങ്കെടുക്കുന്ന വിശ്വാസികൾ ആത്മാർത്ഥമായി കർത്താവിന്റെ പുനരാഗമനത്തെക്കുറിച്ചു സാക്ഷിക്കുന്നു. "അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു." 1 കൊരി 11:26.

# V. ക്രിസ്തുവിന്റെ പുനാരാഗമനം എന്തല്ല?

ക്രിസ്തുവിന്റെ പുനരാഗമനത്തെക്കുറിച്ചു വിവിധ ഉപദേശങ്ങളും വ്യത്യസ്ത വ്യാഖ്യാനങ്ങളും നിലവിലുണ്ട്. അവയെക്കുറിച്ചു സാമാന്യമായ ധാരണയുണ്ടായാൽ മാത്രമേ പത്ഥ്യോപദേശത്തിൽ നിലനില്ക്കാനാവൂ. പ്രധാനവാദഗതികൾ ഇവയാണ്.

**1. പരിശുദ്ധാത്മാവിന്റെ അവരോഹണം :** പെന്തക്കോസ്തുനാളിൽ പരിശുദ്ധാത്മാവ് അവരോഹണം ചെയ്തതിനെ ക്രിസ്തുവിന്റെ പുനരാഗമനമായി മനസ്സിലാക്കുന്നവരുണ്ട്. "മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ

നിൽക്കുന്നവരിൽ ഉണ്ട് എന്നു ഞാൻ സത്യമായി നിങ്ങളോട് പറയുന്നു."(മത്തായി 16:28) എന്ന വാക്യം പെന്തക്കോസ്തിനെ ചൂണ്ടിക്കാണിക്കുന്നതായി അവർ വ്യാഖ്യാനിക്കുന്നു.എന്നാൽ അതു പെന്തക്കോസ്തിനെയല്ല മറുരൂപമലയിലെ ക്രിസ്തുവിന്റെ രൂപാന്തരത്തെയാണ് വ്യക്തമാക്കുന്നത്.

"കുറഞ്ഞോന്നു കഴിഞ്ഞിട്ടു നിങ്ങൾ എന്നെ കാണുകയില്ല; പിന്നെയും കുറഞ്ഞോന്നു കഴിഞ്ഞിട്ടു നിങ്ങൾ എന്നെ കാണും." യോഹ 16:16. ഈ വാക്യവും പെന്തക്കോസ്തുനാളിൽ നിറവേറിയതായി ചിലർ കരുതുന്നുണ്ട്. ക്രിസ്തുതന്നെത്തന്നെ അയയ്ക്കും എന്നല്ല മറിച്ചു, **കാര്യസ്ഥനെ അയയ്ക്കുമെന്നാണ് വാഗ്ദത്തം** ചെയ്തത്. മാത്രമല്ല, താൻ പോയാൽ മാത്രമേ പരിശുദ്ധാത്മാവ് വരികയുള്ളൂ എന്നും (യോഹന്നാൻ 16:7) ക്രിസ്തു വ്യക്തമാക്കിയിരിക്കുന്നു. "അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്കു ആരോഹണം ചെയ്തു പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പിതാവിനോടു വാങ്ങി, നിങ്ങൾ ഈ കാണുകയും കേൾക്കയും ചെയ്യുന്നതു പകർന്നു തന്നു:" അപ്പൊ 2:33. അതു പെന്തക്കോസ്തുനാളിൽ ആണ് എന്നതു വ്യക്തമാണല്ലോ.

പെന്തക്കോസ്തിനുശേഷം പത്രൊസ് ക്രിസ്തുവിന്റെ പുനരാഗമനത്തിനുവേണ്ടി മാനസാന്തരപ്പെടുന്നതിനു യിസ്രായേൽമക്കളോടുപദേശിച്ചു. അപ്പൊ 3:19–21. പെന്തക്കോസ്തുനാളിലെ പരിശുദ്ധാത്മാവിന്റെ അവരോഹണം അല്ല ക്രിസ്തുവിന്റെ പുനരാഗമനം എന്നതിനു തെളിവുകളാണിവ.

**2. പാപികളുടെ മാനസാന്തരം**

ഒരു പാപി മാസനാന്തരപ്പെടുമ്പോൾ ക്രിസ്തു അവന്റെ ഉള്ളിൽ വന്നു വസിക്കയാണ്. അപ്പോൾ ക്രിസ്തു അവനെ തന്റെ അടുക്കലേക്കു ചേർക്കയല്ല, പിതാവും പുത്രനും വിശ്വാസിയുടെ ഉള്ളിൽ വസിക്കുമെന്നു ക്രിസ്തു വ്യക്തമാക്കി. യോഹ 14:23. ക്രിസ്തു വിശ്വാസിയുടെ ഉള്ളിൽ വസിക്കുന്നതു ആത്മീയാനുഭവമാണ്. അതൊരിക്കലും ക്രിസ്തുവിന്റെ സാക്ഷാൽ ആളത്വത്തിലല്ല. ലേഖനങ്ങൾ എഴുതിയ അപ്പൊസ്തലന്മാർ എല്ലാം തന്നെ പ്രസ്തുതലേഖനങ്ങൾ എഴുതുന്നതിനു മുമ്പു രക്ഷാനുഭവം പ്രാപിച്ചവരായിരുന്നു. എന്നിട്ടും അവർ ക്രിസ്തുവിന്റെ വരവ് ഭാവികാലസംഭവമായിട്ടാണ് രേഖപ്പെടുത്തിയത്. പാപിയുടെ മാനസാന്തരം അല്ല ക്രിസ്തുവിന്റെ പുനരാഗമനം എന്നതിന് ഖണ്ഡിതമായ തെളിവത്രേ ഇത്.

**3. യെരുശലേമിന്റെ നാശം**

എ.ഡി.70–ൽ സംഭവിച്ച യെരുശലേമിന്റെ നാശത്തെ ക്രിസ്തുവിന്റെ പുനരാഗമനമായി കണക്കാക്കുന്നവരുണ്ട്. മത്താ 16:28 നെ ഈ സംഭവത്തോടു ചേർത്ത് വ്യാഖ്യാനിക്കുന്നവരുമുണ്ട്. ക്രിസ്തുവിന്റെ വരവിനോടൊപ്പം സംഭവിക്കേണ്ട കാര്യങ്ങൾ ഒന്നും തന്നെ എ.ഡി.70–ൽ സംഭവിച്ചില്ല. ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴുന്നേറ്റില്ല. ജീവനോടിരുന്ന വിശ്വാസികൾ രൂപാന്തരപ്പെട്ടില്ല. ആരും തന്നെ ക്രിസ്തുവിനെ എതിരേല്പ്പാൻ മേഘങ്ങളിൽ എടുക്കപ്പെട്ടതുമില്ല. യെരുശലേം നാശത്തിനു വളരെശേഷം എഴുതിയ വെളിപ്പാടുപുസ്തകത്തിലും 1 യോഹന്നാനിലും ക്രിസ്തുവിന്റെ പുനരാഗമനത്തെക്കുറിച്ചു വ്യക്തമായ പ്രവചനങ്ങൾ ഉണ്ട്. 1 യോഹ 2:28, 3:2, വെളി 1:7, 3:11, 22:12–20. എല്ലാറ്റിനും ഉപരിയായി യെരുശലേം നാശത്തിൽ യിസ്രായേൽ ചിതറിക്കപ്പെടുകയാണ് ഉണ്ടായത്. എന്നാൽ ക്രിസ്തുവിന്റെ പുനരാഗമനത്തിൽ യിസ്രായേൽ പാലസ്തീനിൽ കൂട്ടിച്ചേർക്കപ്പെടും.

**4. ക്രിസ്തുമാർഗ്ഗത്തിന്റെ വ്യാപനം**

സുവിശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെടുന്നതു ക്രിസ്തുവിന്റെ വീണ്ടും വരവായി വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ക്രിസ്തുവിന്റെ ഉപദേശം ലോകം സ്വീകരിക്കുമ്പോൾ ക്രിസ്തു വന്നു കഴിഞ്ഞതായി അവർ മനസ്സിലാക്കുന്നു.

എന്നാൽ അന്ത്യനാളുകളിൽ വിശ്വാസത്യാഗം സംഭവിക്കുമെന്നാണ് തിരുവെഴുത്തുകൾ പഠിപ്പിക്കുന്നത്. ലൂക്കൊ 18:8, 2 തെസ്സ 2:3–12, 1 തിമൊ 4:1 അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരികയും (2 തിമൊ 3:1) പത്ഥ്യോപദേശം സഹിക്കാതെ വിനാശകരമായ ദുരുപദേശങ്ങൾക്കു ചെവി കൊടുക്കുകയും ചെയ്യും. 2 തിമൊ 4:1–4, 2 പത്രൊ 2:1.

ഒരിക്കലും ലോകം പൂർണ്ണമായി മാനസാന്തരപ്പെടുന്ന അവസ്ഥ ഉണ്ടാകുകയില്ല. സുവിശേഷവ്യാപനം ക്രമികൃതമായി ആണ് പുരോഗമിക്കുന്നത്. ക്രിസ്തുവിന്റെ വരവ് പെട്ടെന്നുള ള്ളതും ഭയാനകമായ സംഭവങ്ങളോടു കൂടിയതുമാണ്. കണ്ണിമയക്കുന്നതിനിടയിലായിരിക്കും അതു സംഭവിക്കുക. അതിനാൽ സുവിശേഷ വ്യാപനവും ക്രിസ്തുവിന്റെ പുനരാഗമനവും ഒന്നല്ല.

**5. ഭൗതികസമൃദ്ധി :** ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും വികാസത്തിലൂടെ ലോകത്തിനുണ്ടാകുന്ന ഭൗതികപുരോഗതിയെ ക്രിസ്തുവിന്റെ പുനരാഗമനമായി വ്യാഖ്യാനിക്കുന്ന ചിന്താഗതി നിലവിലുണ്ട്. തിരുവെഴുത്തുകൾ ഒന്നുംതന്നെ വ്യാഖ്യാനതലത്തിൽ പോലും ഈ വാദഗതിയെ പിന്താങ്ങുന്നില്ല.

**6. മരണം :** വിശ്വാസിയുടെ മരണം ക്രിസ്തുവിന്റെ പുനരാഗമനമായി ചിന്തിക്കുന്നവരും ഉണ്ട്. എന്നാൽ മരണത്തിൽ വിശ്വാസി ക്രിസ്തുവിന്റെ അടുക്കലേക്കാണ് പോകുക. അല്ലാതെ ക്രിസ്തു വിശ്വാസിയുടെ അടുക്കലേക്കു വരികയില്ല. മരണം പാപത്തിന്റെ ശമ്പളം ആണ്. ക്രിസ്തുവിന്റെ പുനരാഗമനം പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള മോചനം ആണ്. റോമർ 6:23, 1 തെസ്സ 4:17.

മരണത്തെക്കുറിച്ചുള്ള ചിന്തയും മരണാനുഭവവും വേദനാജനകമാണ്. ക്രിസ്തുവിന്റെ വരവാകട്ടെ ആനന്ദകരവും. മരണത്തിൽ നാം താഴേക്കു നോക്കി കരയുകയാണ്, ക്രിസ്തുവിന്റെ പുനരാഗമനത്തിൽ നാം മുകളിലേക്കു നോക്കി ആനന്ദിക്കുകയാണ്. യോഹ 11:35, ഫിലി 2:16. മരണം ശത്രുവാണ്. 1 കൊരി 15:26, എബ്രാ 2:14. കർത്താവിന്റെ പുനരാഗമനം ഭാഗ്യകരമായ പ്രത്യാശയാണ്. തീത്തൊ 2:13. മരണത്തിൽ ശവക്കുഴി നിറയുന്നു. കർത്താവിന്റെ വരവിൽ കല്ലറകൾ ഉപേക്ഷിക്കപ്പെടും. യോഹ 5:28, 1 തെസ്സ 4:16. മരണത്തിൽ ശരീരം ദ്രവത്വത്തിലും അപമാനത്തിലും വിതയ്ക്കപ്പെടുന്നു. ക്രിസ്തുവിന്റെ പുനരാഗമനത്തിൽ ശരീരം അദ്രവത്വത്തിലും തേജസ്സിലും ഉയിർക്കുന്നു. 1 കൊരി 15:42–43, 1 തെസ്സ 4:16–17.

ക്രിസ്തുവും അപ്പൊസ്തലന്മാരും വിശ്വാസികളെ ഉപദേശിച്ചതു മരണത്തിനുവേണ്ടി കാത്തിരിക്കുവാനല്ല; പ്രത്യുത, കർത്താവിന്റെ വരവിനുവേണ്ടി കാത്തിരിക്കുവാനാണ്. 1 കൊരി 15:51–52.

മരണത്തിന് ക്രിസ്തുവിന്റെ പുനരാഗമനമെങ്കിൽ യോഹന്നാൻ 21:22 ഇപ്രകാരം വായിക്കേണ്ടിവരും. “യേശു അവനോടു: ഞാൻ മരിക്കുവോളം ഇവൻ ഇരിക്കേണമെന്നു എനിക്കു ഇഷ്ടം

ഉണ്ടെങ്കിൽ അതു നിനക്കെന്ത്?" എത്ര വലിയ അസംബന്ധമാണിത്? മത്താ 16:27 ഇങ്ങനെ വായിക്കേണ്ടിവരും. "മരണം തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ മരണം ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കും." മരണമാണ് ക്രിസ്തുവിന്റെ പുനരാഗമനമെങ്കിൽ വെളി 1:7 ഈ വിധം മാറ്റേണ്ടതാണ്. "ഇതാ മരണം മേഘാരൂഢനായി വരുന്നു; ഏതു കണ്ണും മരണത്തെ കുത്തിത്തുളെച്ചുവരും. മരണത്തെക്കാണും. ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും മരണത്തെച്ചൊല്ലി വിലപിക്കും. ഉവ്വ്, ആമേൻ." 1 തെസ്സ 4:16, വെളി 1:7 എന്നീ വാക്യങ്ങളിലും ആവർത്തിച്ചുനോക്കുക. ഇങ്ങനെ തെറ്റായി വ്യാഖ്യാനിക്കേണ്ടി വരും.

# VI. കർത്താവിന്റെ പുനരാഗമനവിധം

**1. ആളത്തത്തിലും ശരീരത്തിലും :** ഗലീലാപുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നില്ക്കുന്നതു എന്ത്? നിങ്ങളെ വീട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു. അപ്പൊ 1:11. കർത്താവ് താൻ വരുമെന്നാണ് പൗലൊസ് അപ്പോസ്തലനും പ്രഖ്യാപിച്ചത്. 1 തെസ്സ 4:13–18.

**2. ദൃശ്യമായി :** ക്രിസ്തുവും അങ്ങനെ തന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു. തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും. എബ്രാ 9:28.

മദ്ധ്യാകാശവരവിൽ സഭയും മഹത്വപ്രത്യക്ഷതയിൽ ലോകവും ക്രിസ്തുവിനെ കാണും.

**3. വേഗത്തിൽ :** ഇതു സാക്ഷീകരിക്കുന്നവൻ അതേ, അവൻ വേഗം വരുന്നു എന്നു അരുളിച്ചെയ്യുന്നു: ആമേൻ, കർത്താവായ യേശുവേ വരേണമേ. വെളി 22:20. തന്റെ വരവ് വേഗത്തിൽ സംഭവിക്കും എന്നുള്ളതുകൊണ്ട് കാത്തിരിക്കുവാനാണ് ക്രിസ്തു ഉപദേശിച്ചത്.

**4. ഏതു നിമിഷവും :** ക്രിസ്തുവിന്റെ വരവ് ഏതു നിമിഷവും സംഭവിക്കാവുന്ന ഒന്നാണ്. ഭൂതകാലത്തിൽ സംഭവിക്കാതിരുന്നതുകൊണ്ടു ഭാവികാലത്ത് അതു ഏതു നിമിഷവും സംഭവിക്കും. തീത്തൊ 2:13, റോമ 13:11, 1 തെസ്സ 1:9–10, എബ്രാ 9:28.

**5. അടുക്കൽ :** ഇതു സംഭവിച്ചു തുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തുവരുന്നതുകൊണ്ട് നിവർന്നു തലപൊക്കുവിൻ. ലൂക്കൊ 21:28.

**6. മഹാശക്തിയുടെ തേജസ്സോടുംകൂടെ :** അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകലഗോത്രങ്ങളും പ്രലപിച്ചും കൊണ്ട് മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടുംകൂടെ വരുന്നതു കാണും. മത്താ 24:30.

സഭയുടെ ഭൗമീകനാളുകൾ പരിസമാപ്തിയിലേക്ക് ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നു. ഇനി ഏറ്റവും വേഗം നടക്കേണ്ടത് ക്രിസ്തുവിന്റെ മദ്ധ്യാകാശവരവാണ്. "കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും" 1 തെസ്സ 4:16.

ഒന്നാമതായി, ക്രിസ്തു ഗംഭീരനാദത്തോടുകൂടെ മൂന്നാം സ്വർഗ്ഗം അഥവാ പിതാവിന്റെ സന്നിധിയിൽ നിന്നു വാനമണ്ഡലത്തിലേക്കു ഇറങ്ങിവരും. ഉടൻ തന്നെ ഗംഭീരനാദം പുറപ്പെടുവിക്കും. ക്രിസ്തുവിൽ മരിച്ചവരുടെ പുനരുത്ഥാനത്തിനും ജീവനോടിരിക്കുന്ന വിശുദ്ധന്മാരുടെ രൂപാന്തരത്തിനുംവേണ്ടിയാണ് ക്രിസ്തു തന്റെ ഗംഭീരനാദം പുറപ്പെടുവിക്കുന്നത്. മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും, കേൾക്കുന്നവൻ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. യോഹ 5:28–29. ക്രിസ്തുവിൽ മരിച്ചവർ മാത്രമാണ് ക്രിസ്തുവിന്റെ മദ്ധ്യാകാശവരവിൽ പുനരുത്ഥാനം പ്രാപിക്കുന്നവർ. അവർ മാത്രമേ കർത്താവിന്റെ ഗംഭീരശബ്ദം കേൾക്കുകയുള്ളൂ.

രണ്ടാമതായി, പ്രധാനദൂതനായ മീഖായേലിന്റെ ശബ്ദം മുഴങ്ങും. ദാനി 10:13–21, 12:1, യൂദാ 9, വെളി 12:7. സാത്താന്യ സേനകൾക്കെതിരെ ദൈവത്തിന്റെ സേനയെ നയിക്കുന്നതും ദൂതഗണത്തിന്റെ തലവനും മീഖായേൽ അത്രേ. പ്രധാനദൂതന്റെ ശബ്ദം ജയഘോഷത്തിന്റേതു ആയിരിക്കണം. അന്ധകാരത്തിന്റെ ശക്തികൾക്കെതിരെ ഇതുവരേക്കും പോരാടിയ ദൂതവ്യൂഹത്തിന്റെ നായകനായ അദ്ദേഹം, അനേകം പുത്രന്മാരുടെ തേജസ്ക്കരണത്തിൽ പര്യവസാനിച്ച ദൈവകൃപയുടെ മഹത്വത്തിലും, ദൈവീകശക്തിയുടെ വല്ലഭത്വത്തിലും മതിമറന്നാഹ്ലാദിക്കുക സ്വാഭാവികമത്രേ.

മൂന്നാമതായി, ദൈവത്തിന്റെ കാഹളം മുഴങ്ങും. ദൈവത്തിന്റെ കാഹളം കൃപയുടെയും വിജയത്തിന്റെയും കാഹളമാണ്. ജീവനോടിരിക്കുന്ന വിശുദ്ധന്മാരെയും ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാരെയും സംബന്ധിക്കുന്ന കാഹളമാണത്. ഇതിനെ അന്ത്യകാഹളമെന്നും വിളിക്കുന്നു. 1 കൊരി 13:52.

ദൈവത്തിന്റെ കാഹളം, ഏഴാം കാഹളം, മഹാകാഹളം എന്നിവ വേർതിരിച്ച് മനസ്സിലാക്കേണ്ടതാണ്. ഇവ മൂന്നും മൂന്നു കാലത്താണ് ഊതുന്നത്.

കൃപായുഗത്തിന്റെ അവസാനമാണ് ദൈവത്തിന്റെ കാഹളം ഊതുന്നത്.

മഹാപീഡനത്തിന്റെ രണ്ടാമത്തെ പകുതിയിൽ ദൂതൻ ഊതുന്നതാണ് ഏഴാം കാഹളം.

സഹസ്രാബ്ദവാഴ്ചയുടെ ആരംഭത്തിൽ യിസ്രായേൽ മക്കളെ കൂട്ടിച്ചേർക്കാനായി ദൂതന്മാർ ഊതുന്നതാണ് മഹാകാഹളം.

ജാതികളുടെ പൂർണ്ണസംഖ്യ ചേർന്നുകഴിയുമ്പോൾ (റോമ 11:25) സഭയെ ചേർക്കുന്നതിനു ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരും. ക്രിസ്തുവിന്റെ മദ്ധ്യാകാശവരവിൽ ക്രിസ്തുവിൽ മരിച്ചവർ പുനരുത്ഥാനം പ്രാപിക്കയും പിന്നെ ജീവനോടിരിക്കുന്നവർ രൂപാന്തരപ്പെടുകയും ചെയ്യും. തുടർന്നു അവർ ഒരുമിച്ച് കർത്താവിനെ എതിരേല്ക്കാൻ മേഘങ്ങളിൽ എടുക്കപ്പെടും. 1 തെസ്സ 4:16–17, 1 കൊരി 15:35–50, 2 തെസ്സ 2:1, എബ്രാ 9:28. എടുക്കപ്പെടും എന്ന പ്രയോഗമാണ് ഉൽപ്രാപണം എന്ന ആശയത്തിന്റെ അടിത്തറയിൽ കിടക്കുന്നത്.

സഭയുടെ ഉൽപ്രാപണം സംഭവിക്കുന്നതു കണ്ണിമെക്കുന്നതിനിടയിലാണ്. “ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം. നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തപ്പെടും ചെയ്യും.” 1 കൊരി 15:51–52. മേഘങ്ങളിൽ അഥവാ മദ്ധ്യാകാശത്തിലാണ് സഭ ക്രിസ്തുവുമായി കൂടിച്ചേരുന്നത്.

ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തതു മേഘത്തിലൂടെ ആയിരുന്നു. അപ്പൊ 1:9. ക്രിസ്തു മടങ്ങി വരുന്നതും മേഘാരൂഢനായാണ്. മർക്കൊ 14:62, വെളി 1:7, തന്മൂലം ഉൽപ്രാപണത്തിൽ സഭയെ മേഘം മൂടുകയും സഭ മറയുകയും ചെയ്യും. സഭയുടെ ഉൽപ്രാപണം ഭൂവാസികൾ കാണുമോ ഇല്ലയോ എന്നു തിരുവെഴുത്തുകൾ വെളിപ്പെടുത്തിയിട്ടില്ല. സ്വന്തജനത്തെ അവർക്കു സ്വർഗ്ഗത്തിൽ ഒരുക്കിയിരിക്കുന്ന വാസസ്ഥലങ്ങളിലേക്കു ക്രിസ്തു കൂട്ടിക്കൊണ്ടുപോകും. “നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും.” യോഹ 14:1–3.

# കീഴ്ക്കൊല്ല തെക്കൻ മാരാമൺ ഐക്യ കൺവെൻഷൻ





2017 ഫെബ്രുവരി മാസം 5 മുതൽ 12 വരെ നടന്ന ഈ കൺവെൻഷൻ വളരെ അനുഗ്രഹപ്രദമായിരുന്നു. **മോസ്റ്റ്.റവ.ഡോ.ജോർജ്ജ് ഈപ്പൻ തിരുമേനി അവർകൾ** ഉദ്ഘാടനപ്രസംഗം നടത്തി യോഗം ആരംഭിച്ചു. അതിനുശേഷം ഞാനും ദൈവദൂത് അറിയിച്ച് പ്രാർത്ഥിച്ചു. തുടർന്ന് നടന്ന എല്ലാ യോഗങ്ങളിലും ദൈവനാമ മഹത്വമുണ്ടായി. പല വ്യക്തികൾ മാനസാന്തരപ്പെടുകയും, മറ്റു പലരുടെ ജീവിതത്തെയും ദൈവം രൂപാന്തരപ്പെടുത്തുകയും ചെയ്തു.

റവ.ഗിൽബർട്ട് അവർകളും അവരോട് ചേർന്ന ഭാരവാഹികളും ഈ യോഗത്തിനുള്ള ഏർപ്പാടുകൾ പ്രാർത്ഥനയോടെ ക്രമീകരിച്ചിരുന്നു.റവ.റ്റി.ആർ.സത്യരാജ്, റവ.ഗിവർഗ്ഗീസ് മാത്യു.എം (സെന്റ് ജോൺസ് മാർത്തോമാ വികാരി), റവ.ജീവൻ ജേക്കബ്, റവ.ജെ.ജസ്റ്റിൻ (സി.എസ്.ഐ. അമരവിള), റവ.ലോഡ്സൺ വിൻസന്റ് (സി.എസ്.ഐ.അമരവിള) എന്നീ അച്ചന്മാർ ഓരോ ദിവസവും അദ്ധ്യക്ഷത വഹിച്ച് പ്രാർത്ഥിച്ചു. ദൈവവനാമത്തിന് മഹത്വമുണ്ടാകട്ടെ.

# ഇന്ത്യയിൽ ക്രൈസ്തവർക്കു വരാൻ പോകുന്ന വലിയ ആപത്ത്

2017 മാർച്ച് മാസം നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ ആർ.എസ്.എസ്, ബജ്റംഗ്ദൾ തുടങ്ങിയ ഹിന്ദുമതതീവ്രവാദി സംഘടനകളിൽ ബന്ധമുള്ള ബി.ജെ.പി പാർട്ടിയാണ് വൻ ഭൂരിപക്ഷം നേടിയത്. ഇന്ത്യയിൽ ഉത്തർപ്രദേശിൽ ബി.ജെ.പിയ്ക്കു ലഭിച്ച ജയത്തിലൂടെ ഹിന്ദുത്വ ആശയത്തെ മാത്രം അനുസരിക്കണം എന്നു നിർബന്ധിക്കുന്നതിലൂടെ മത്സഹള ഇന്ത്യ മുഴുവൻ ഉണ്ടാകാൻ സാധ്യതയുണ്ടെന്നു വാർത്തകൾ പറയുന്നു.

പ്രത്യേകമായി ഇന്ത്യയിലെ വലിയ സംസ്ഥാനമായ ഉത്തർപ്രദേശിൽ വളരെ കുറവായ അംഗസഖ്യയിൽ പ്രതിപക്ഷ പാർട്ടിയായി ഭരിച്ചിരുന്ന ബി.ജെ.പി സമാജികരുടെ എണ്ണത്തിൽ വളരെ കൂടുതലാവുകയും ഭരണം ഏറ്റെടുക്കുകയും ചെയ്തിരിക്കുന്നു.

## ആപത്തിന്റെ കാരണം

ലോകത്തിൽ ഭൂരിപക്ഷ ഇസ്ലാമ്യരുടെയും വെറുപ്പു സമ്പാദിച്ചത് ബാബ്റി മസ്ജിദ് തകർത്ത സംഭവമാണ്. അതോടെ രാമക്ഷേത്രം പണിയാനുള്ള ഏർപ്പാടും തുടങ്ങി.. ഇതുകാരണമായി ഇസ്ലാമ്യ തീവ്രവാദി സംഘടനകൾ ലോകം മുഴുവനും വ്യാപിച്ചു. ബോംബു സ്ഫോടനങ്ങളിൽ ലക്ഷക്കണക്കിന് നിരവധി നിരപരാധികളായ ജനങ്ങൾ മരിച്ചതും, തുടർന്ന് അമേരിക്കയിലെ ഇരട്ടഗോപുരം തകർത്ത തീവ്രവാദി സംഭവങ്ങളും തുടരാൻ ഇടയായി. ഇന്ത്യയിൽ മുംബൈ, തലസ്ഥാനമായ ഡൽഹി, തമിഴ്നാട്ടിൽ കോയമ്പത്തൂർ, ആന്ധ്രാ, ഗുജറാത്ത് എന്നിങ്ങനെ പല സ്ഥലങ്ങളിൽ മതലഹളയിൽ മരിച്ചവരുടെ എണ്ണം ലക്ഷക്കണക്കായി കൂടി.



ഇന്ത്യയെ കാലാകാലങ്ങളിൽ ഭരിച്ചവർ ഹുന്ദുത്വത്തെ മുൻനിർത്തിയതുകൊണ്ടു മതസ്വാതന്ത്ര്യം വലിയ ചോദ്യമായി മാറി. പല സ്ഥലങ്ങളിൽ ആസ്ട്രേലിയ മിഷണറികളും ഇന്ത്യൻ മിഷണറിമാരും കൊല്ലപ്പെട്ടതും ക്രിസ്തീയ കന്യാസ്ത്രീകളെ കളങ്കിതരാക്കിയ പ്രശ്നങ്ങളും ഒന്നിനു പിറകിൽ ഒന്നായി സംഭവിച്ചതിലൂടെ ഇന്ത്യാരാജ്യം മുഴുവൻ ഭയംകൊണ്ടു നടുങ്ങിയിരിക്കുകയാണ്.

ഉത്തർപ്രദേശിൽ **സിദ്ധാപ്പൂർ** ജില്ലയിൽ രണ്ടു മിഷണറിമാരെയും അവരുടെ ഭാര്യമാരെയും മക്കളെയും നഗ്നരായി, ശരീരത്തിൽ ഒരു നൂലുപോലുമില്ലാതെ പട്ടാപ്പകലിൽ പൊതുജനങ്ങളുടെ മദ്ധ്യേ റോഡിൽ നിറുത്തിയിരിക്കുന്ന

ക്രൂരതയാണ് ഈ ചിത്രത്തിൽ നിങ്ങൾ കാണുന്നത്. ഇതുപോലുള്ള ക്രൂരത നിങ്ങൾ ഇതുവരെ കേട്ടിട്ടുണ്ടോ? കണ്ടിട്ടുണ്ടോ?



പത്രത്തിൽ വന്ന ഈ ഫോട്ടോയുടെ സംഭവം നടന്നത് നേരത്തെ ഭരിച്ച ബഹുജൻ പാർട്ടി ഭരിച്ച കാലത്താണ്. തെരഞ്ഞെടുപ്പിന്റെ സമയത്താണ് നടന്നത്. ഇപ്പോൾ ബി.ജെ.പിയുടെ കയ്യിൽ ഉത്തർപ്രദേശ് അകപ്പെട്ടശേഷം ആർ.എസ്.എസ്, ബജ്റംഗ്ദൾ, ബി.ജെ.പി ഇവരെല്ലാം കൂടി ക്രിസ്ത്യാനികളെ എന്തുമാത്രം ഉപദ്രവിക്കുമോ എന്ന് എല്ലാവരുടെയും ഹൃദയത്തിൽ ഭയം ഉണ്ടാകാൻ തുടങ്ങി.

അവരുടെ ഭയത്തിനു ന്യായം ഉണ്ടെന്നു ഉറപ്പിക്കാൻ ഉത്തർപ്രദേശ് മുഖ്യമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടതു ഒരു ഹിന്ദു സന്യാസിയും പൂജാരിയും ആർ.എസ്.എസ് വിഭാഗത്തിലുള്ള ഹിന്ദുത്വ തീവ്രവാദിയുമായ **"യോഗി ആദിത്യനാഥ്"** ആകുന്നു. 'ഹിന്ദു യുവവാഹിനി' എന്ന സ്ഥാപനത്തിന്റെ സ്ഥാപകൻ ആകുന്നു. 44 വയസ്സുള്ള ഇദ്ദേഹം യുവാക്കളുടെ ഇടയിൽ ഹിന്ദുത്വ ആശയം പ്രചരിപ്പിക്കാൻ വളരെ തീവ്രത കാണിച്ച ആളാകുന്നു. ഇദ്ദേഹം പാർട്ടിയിൽ ചേർന്ന കാലം മുതൽ അയോധ്യയിൽ രാമക്ഷേത്രം പണിയാതെ ഞാൻ മരിക്കയില്ല എന്ന് വാശിയോടെ പറഞ്ഞ ആളായിരുന്നു. തന്റെ ഓരോ പ്രസംഗത്തിലും ഇസ്ലാമ്യരുടെയും ക്രിസ്ത്യാനികളുടെയും നേരേ ഹിന്ദുക്കളെ തള്ളിവിടുവാൻ തക്കവണ്ണം ഉള്ള പ്രസംഗമായിരുന്നു.

ഉത്തർപ്രദേശിൽ ഇട്ടാ ടൗണിൽ 1800 ക്രിസ്ത്യാനികളെ നിർബന്ധിച്ച് മതംമാറ്റിയതു ഇദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു.










ഇസ്ലാമ്യരുടെ മുഹ്റം പെരുനാളിൽ വലിയ മതലഹള ഉണ്ടാക്കി ഖോരാഖ്പൂർ ഗോഡൻ എക്സ്പ്രസ് ട്രെയിൻ തീവെച്ച് നശിപ്പിച്ചും, ഖോരാഖ്പൂരിൽ 17 മസൂദികളെ തീവെച്ചു നശിപ്പിക്കുകയും ചെയ്തു. അതുപോലെ മറ്റു ട്രയിനുകളും ബസ്സുകളും തീവെച്ചു നശിപ്പിച്ചു. അതിനു ശേഷമാണ് ഇദ്ദേഹത്തെ അറസ്റ്റു ചെയ്തത്. സൂര്യനമസ്ക്കാരം ചെയ്യാൻ ഇഷ്ടമില്ലാത്തവർ ഇന്ത്യയിൽ ഇരിക്കാൻ പാടില്ല എന്നു പ്രസ്താവന ഇറക്കിയതു ഇദ്ദേഹമാണ്. ആർ.എസ്.എസ് പ്രധാന പ്രചാരകനായ ഇദ്ദേഹമാണ് ഉത്തർപ്രദേശ് മുഖ്യമന്ത്രിയായി ചുമതല എടുത്തിരിക്കുന്നത്. ഗവൺമെന്റ് അധികാരം ഇദ്ദേഹത്തിന്റെ കൈകളിൽ കിട്ടിയശേഷം മുസ്ലീങ്ങൾക്കെതിരായും ക്രിസ്ത്യാനികൾക്കെതിരായും ഇദ്ദേഹം എന്തും ചെയ്യാൻ ധൈര്യപ്പെടും.

**മുസ്ലീങ്ങൾക്കും, ക്രൈസ്തവർക്കും എതിരായി പ്രവർത്തിക്കാനും, അവരെ നശിപ്പിക്കാനും തീരുമാനം എടുത്തിരിക്കുന്നു.**

ക്രൈസ്തവ വേലക്കാരെയും, ക്രൈസ്തവ വിശ്വാസികളെയും ക്രൂരമായി കൊലപ്പെടുത്തുന്നതിന്റെ ഫോട്ടയാണ് ഇവിടെ പരസ്യപ്പെടുത്തുന്നത്.

# ജാമക്കാരന്റെ കുറിപ്പ്

ഇതു വായിക്കുന്ന വായനക്കാർ ഇനി വരാൻ പോകുന്ന എതിർക്രിസ്തുവിന്റെ ഉപദ്രവ കാലത്തിനു മുമ്പേ നടക്കാൻപോകുന്ന ഉപദ്രവ സാക്ഷികളാണിവ. ഭാരതത്തിൽ ഭരിക്കുന്ന നേതാക്കളുടെ പാർട്ടികൾ മൂലമായി ക്രൈസ്തവർക്കും മിഷണറിമാർക്കും ആപത്ത്. ഇസ്ലാം തീവ്രവാദികൾ മൂലമായും ക്രിസ്ത്യാനികൾക്ക് ആപത്ത് കാത്തിരിക്കുന്നു.

ഈ സമയങ്ങളിൽ ക്രിസ്തീയസഭകളും, സഭാനേതാക്കളും. അച്ചന്മാരും, പാസ്റ്റർമാരും അവരവരുടെ സഭാ ഉപദേശവൈരാഗ്യങ്ങൾ മാറ്റിവച്ച് ക്രിസ്തുവിനെയും ക്രിസ്തുവിന്റെ വചനത്തെയും മുറുകെ പിടിച്ചു സഭാവ്യത്യാസമില്ലാതെ കൂട്ടായ്മകൾ സംഘടിപ്പിച്ച് ഉപവാസത്തോടെ പ്രാർത്ഥിക്കാം.

**ദേശത്തിൽ നടക്കുന്ന സകല മ്ലേച്ഛതകൾ നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ അടയാളം ഇടുക. (യെഹ 9:4)**

**ദേശത്തെ നശിപ്പിക്കാതവണ്ണം ഇടുവിൽ നിൽക്കേണ്ടതിനു ഒരു പുരുഷനെ തേടി. ഒരുവനെയും കണ്ടില്ലതാനും. (യെഹ 22:30)**

## ആപത്തു നേരിടാത്ത ക്രിസ്ത്യാനികൾ

മാനസാന്തരപ്പെട്ടു രക്ഷിക്കപ്പെടാത്ത ബിഷപ്പുമാർ, അച്ചന്മാർ, പാസ്റ്റർമാർ...

രക്ഷിക്കപ്പെടാത്ത സകലസഭകളിലുമുള്ള വിശ്വാസികൾ ഇവർ ആരെയും ഹിന്ദുമത തീവ്രവാദികളോ, ഇസ്ലാമ്യ തീവ്രവാദികളോ ഉപദ്രവിക്കയില്ല. ഇങ്ങനെയുള്ള അനുഭവത്തോടെ ജീവിക്കുന്ന സഭാനേതാക്കളെയും സഭാവിശ്വാസികളെയും മുകളിൽ വായിച്ച ക്രൂരതയിൽ നിന്നു പിശാചു സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യും.

എന്നാൽ, യഥാർത്ഥ വിശ്വാസികൾ തങ്ങളുടെ ആത്മാക്കളെ വചനപ്രകാരം സൂക്ഷിക്കുക. എത്ര എതിർപ്പുകൾ വന്നാലും സാക്ഷ്യത്തെ കാത്തുസൂക്ഷിക്കുക. യഥാർത്ഥ ക്രിസ്ത്യാനികൾക്ക് വീട്ടിൽ എതിർപ്പു വരും, സഭയും ബിഷപ്പുമാരും അച്ചന്മാരും തങ്ങളെ വെറുക്കും. നിങ്ങൾ ഇതു പ്രതീക്ഷിക്കണം...എന്നാലും നിങ്ങൾ ഭയപ്പെടരുത്.

**സകല കഷ്ടങ്ങളെയും സഹിച്ച ക്രിസ്തു നിങ്ങളോടൊപ്പം ഉണ്ട്.**

**എന്നാൽ, ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവം ഉണ്ടാകും. (2 തിമൊ 3:12)**

**ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്. എന്നാലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു. (യോഹ 16:33).**

*eeeeeeeeeeeeeeeeeeeeeeeeeeeeeeeeeeeeeee*

*eeeeeeeeeeeeeeeeeeeeeeeeeeeee*

# MY BANK BALANCE ON 2017 MARCH 21st

**STATE BANK OF INDIA**(SALEM-1970)
**A/C No: 10764116842**
SWIFT CODE - SBININBB637- 10764116842
IFSC CODE - IFSC SBIN0001970 -10764116842

| | | |
|---|---|---|
| 20.03.2017 | CREDIT = 10000.00 | BALANCE=28950.09 |

**CANARA BANK - SALEM**
(SURAMANGALAM BRANCH)
**A/C No: 1219101013622.**
SWIFT CODE - CNRB0001219 -1219101013622.
IFSC CODE - IFSC CNRB0001219- 1219101013622.

| | | |
|---|---|---|
| 16.03.2017 | CREDIT = 500.00 | BALANCE=48447.00 |

**STATE BANK OF TRAVANGORE**
(SALEM BRANCH CODE - 70328)
**A/C No: 57041760879.**
SWIFT CODE - SBTR0000328- 57041760879
IFSC CODE SBTR0000328, RBCMS BXX - 57041760879.

| | | |
|---|---|---|
| 21.03.2017 | CREDIT = ...... | BALANCE=1619.35 |

**SYNDICATE BANK**
(SALEM SURAMANGALAM BRANCH)
**A/C.No: 2200009312.**
SWIFT CODE - SYNBINBB027 6293-2200009312.
IFSC CODE - SYNB0006293-2200009312.

| | | |
|---|---|---|
| 18.03.2017 | CREDIT = 1000.00 | BALANCE= 16770.98 |

**INDIAN OVERSEAS BANK**
**SALEM MAIN**
**A/C/NO.008001000024114**
IFSC CODE – IOBA0000080

| | | |
|---|---|---|
| 09.03.2017 | CREDIT = 3200.00 | BALANCE=4889.30 |

**TOTAL BALANCE ON 21st MARCH 2017 = 100676.72**

- If Evolution is true, and man is only an accident,an aimless wanderer in time and space, moving futilely between points of illusionary happiness, tragedy,achievement,pain..
- If man is,himself, the greatest power over his existence and yet,in the multitudinous causes and effect surrounding him, even he has almost no control...
- If man's hope is no more than to exist until by chance he ceases to exist-
If evolution is true, then there is no existence more miserable than man's because, of all living beings, he alone is hopeless and miserable, and he alone has the awareness of self to know it,
- **who would champion such a depressing belief? and who would want to convert others to it, through subverting and destroying a faith based hope for a better life to come?** **- betty burton choate**

**APRIL 2017**

# Printed Book/Book Post

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.